പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4636

29-06-2012 – ൽ മറുപടിയ്ക്ക്

## കാർഷിക യന്ത്രങ്ങളുടെ ഫലപ്രദമായ ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാർഷിക മേഖലയുടെ വളർച്ചയ്ക്കായി ആധുനിക കാർഷിക യന്ത്രങ്ങളുടെ ഫലപ്രദമായ ഉപയോഗം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) കാർഷിക മേഖലയുടെ വളർച്ചയ്ക്കായി ആധുനിക കാർഷിക യന്ത്രങ്ങളുടെ ഫലപ്രദമായ ഉപയോഗം കർഷകർക്ക് ലഭ്യമാക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കൊ) പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കസ്റ്റം ഹയറിംഗ് സെന്ററുകൾ പത്തനംതിട്ട(തിരുവല്ല), ആലപ്പുഴ (അമ്പലപ്പുഴ), കോട്ടയം (വൈക്കം), തൃശൂർ (അരിമ്പൂർ), പാലക്കാട് ജില്ലാ ഓഫീസുകളിൽ പ്രവർത്തിച്ചു വരുന്നു. ആർ.കെ.വി.വൈ, കുട്ടനാട് പാക്കേജ്, സ്റ്റേറ്റ് ഫുഡ് സെക്യൂരിറ്റി പ്രോഗ്രാം, സ്മാൾ ഫാം മെക്കനൈസേഷൻ എന്നീ സ്കീമുകൾ വഴി, കമ്പയിൻ ഹാർവെസ്റ്റർ, ട്രാക്ടർ, പവർ റീപ്പർ, ട്രാൻസ്പ്ലാന്റർ, റോട്ടവേറ്റർ എന്നീ) യന്ത്രങ്ങൾ കർഷകർക്ക് മറ്റു സ്വകാര്യ വ്യക്തികൾ നല്കുന്നതിനേക്കാൾ താഴ്ന്ന നിരക്കിൽ വാടകയ്ക്ക് കൊടുക്കുന്നു. 175 കമ്പയിൻ ഹാർവെസ്റ്റർ, 56 ട്രാക്ടറുകൾ, 69 പവർ ടില്ലറുകൾ, 13 ട്രാൻസ്പ്ലാന്ററുകൾ, 17 റോട്ടവേറ്ററുകൾ ഇവ അടങ്ങുന്നതാണ് കെയ്കോയുടെ ഹയറിംഗ് ഫ്ലീറ്റ്. ഇതുകൂടാതെ യുവതീ-യുവാക്കൾക്ക് ആധുനിക കാർഷിക യന്ത്രങ്ങളിൽ വേണ്ടതായ പരിശീലനം നൽകി, കാർഷിക പ്രവൃത്തികൾ അനായാസകരവും ആദായകരവുമാക്കുക, വർദ്ധിച്ചുവരുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്നീ ഉദ്ദേശ-ലക്ഷ്യങ്ങളോടെ കെയ്കോയുടെ തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകളിൽ അഗ്രോ-തൊഴിൽ സേന (മെക്കനൈസ്ഡ് ലേബർ ബാങ്ക്) തുടങ്ങിയിട്ടുണ്ട്. കോൾ പാടശേഖരങ്ങളിലെ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കോൾ പാടങ്ങളിലെ മെക്കനൈസേഷൻ പാക്കേജ്, ആർ.കെ.വി.വൈ സ്കീമിൽ പെടുത്തി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന, ഭക്ഷ്യസുരക്ഷാ മിഷൻ, മാക്രോ മാനേജ്മെന്റ് തുടങ്ങിയവയ്ക്ക് കീഴിലും യന്ത്രവൽക്കരണ പരിപാടികൾ വ്യാപകമായി നടപ്പാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം യന്ത്രങ്ങളെ സംബന്ധിച്ച ഒരു ബോധവൽക്കരണ പരിപാടി സംസ്ഥാനവ്യാപകമായി സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ; | (ബി) | ഇത്തരം യന്ത്രങ്ങളെ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി കെയ്കൊയുടെ തൃശ്ശൂർ യൂണിറ്റിൽ പ്രവർത്തിച്ചുവരുന്ന ട്രെയിനിംഗ് സെന്ററിൽ (സെന്റർ ഫോർ അഗ്രികൾച്ചർ റിസർച്ച് ഡെവലപ്മെന്റ് ആന്റ് ട്രെയിനിംഗ്) എല്ലാ ആധുനിക കാർഷിക യന്ത്രങ്ങളിലും ആവശ്യമായ പ്രവർത്തന പരിശീലനം നൽകിവരുന്നു. മറ്റു ജില്ലാ ഓഫീസുകൾ വഴിയും യുവതീ യുവാക്കൾക്ക് കംപയിൻ ഹാർവെസ്റ്റർ ഉൾപ്പെടെ എല്ലാ ആധുനിക കാർഷിക യന്ത്രങ്ങളിലും പ്രവർത്തന പരിശീലനം നൽകിവരുന്നു. കൂടാതെ വിവിധ ജില്ലകളിൽ നടത്തുന്ന കാർഷിക മേളകളിലും സെമിനാറുകളിലും ഇത്തരം യന്ത്രങ്ങൾ പ്രദർശിപ്പിച്ച് അവയുടെ പ്രവർത്തനരീതി വിശദീകരിച്ചു കൊടുക്കുന്നു. |
| (സി) | സർക്കാർ സബ്സിഡിയോടെ അർഹതയുള്ള കർഷകർക്ക് ഇവ ലഭ്യമാക്കുന്നതിന് സ്ഥിരം സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ? | (സി) | വിവിധ യന്ത്രവൽക്കരണ പരിപാടികൾക്ക് കീഴിൽ സബ്സിഡിയോടെ നൽകുന്ന കാർഷിക യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നത് വിവിധ യന്ത്ര നിർമ്മാതാക്കളുടെ അംഗീകൃത വിതരണക്കാർ, കെയ്കൊ, റെയ്ഡ്കൊ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ്. ഈ സ്ഥാപനങ്ങൾക്ക് സംസ്ഥാന വ്യാപകമായി ബ്രാഞ്ച് ഓഫീസുകളോ വില്പന കേന്ദ്രങ്ങളോ ഉള്ളതിനാൽ സ്ഥിരം സ്റ്റോറുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ